പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **3048** **20. 06. 2014-** ലെ മറുപടി

<u>നിതാഖത്ത് നിയമം മൂലം തൊഴിൽ നഷ്ടപ്പെട്ട പ്രവാസികളുടെ പുനരധിവാസം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.എസ്. സലീഖ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) 'നിതാഖത്' നിയമം നടപ്പിലാക്കിയതുമൂലം തിരിച്ചെത്തിയ കേരളീയരുടെ എണ്ണം എത്ര ;<br><br>(ബി) ഏതൊക്കെ ഗൾഫ് രാജ്യങ്ങളിൽ നിന്നുമാണ് പ്രസ്തുത നിയമം നടപ്പിലായതിലൂടെ കേരളീയർ സ്വദേശത്തേയ്ക്ക് വന്നിട്ടുള്ളത്; | (എ & ബി) സൗദി അറേബ്യയിലെ നിതാഖത്ത് നിയമം മൂലം കേരളത്തിൽ തിരികെയെത്തിയവർക്കായി നോർക്ക–റൂട്ട്സ് ഏർപ്പെടുത്തിയ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്തവരുടെ എണ്ണം 22634 ആണ്. പ്രസ്തുത നിയമം നിലവിൽ സൗദി അറേബ്യയിൽ നടപ്പിലാക്കിയതിന്റെ ഭാഗമായാണ് അവിടെ തൊഴിൽ ചെയ്തിരുന്ന കേരളീയർ നാട്ടിലേക്ക് വരാനിടയായത്. |
| (സി) ' നിതാഖത് ' നിയമം നടപ്പിലാക്കിയതുമൂലം തിരിച്ചെത്തിയവരെ സഹായിക്കാനായി എന്തെല്ലാം കേന്ദ്ര/സംസ്ഥാന സഹായം ലഭ്യമാക്കി; നാളിതുവരെ എത്ര തുക വകയിരുത്തി; ആയതിൽ എത്ര തുക ചെലവാക്കി; ഇതിലൂടെ എത്ര പേർക്ക് പ്രയോജനം ലഭിച്ചു; വ്യക്തമാക്കുമോ; | (സി) നിതാഖത്ത് മൂലം തിരികെയെത്തിയവർക്ക് നോർക്ക വകുപ്പിന്റെ നിലവിലുള്ള ക്ഷേമ പദ്ധതികളായ സാന്ത്വന, ചെയർമാൻ ഫണ്ട് എന്നീ ധനസഹായ പദ്ധതികളുടെയും, തിരികെയെത്തി സ്വയം സംരംഭങ്ങൾ തുടങ്ങുവാൻ ആഗ്രഹിക്കുന്നവരെ സഹായിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള നോർക്ക ബിസിനസ്സ് സഹായക കേന്ദ്രം, 20 ലക്ഷം വരെയുള്ള സംരംഭങ്ങൾക്ക് മൂലധന സബ്സിഡിയോടുകൂടി ബാങ്ക് വായ്പ ലഭ്യമാക്കുന്ന NDPREM, തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന പരിപാടി തുടങ്ങിയ പദ്ധതികളുടെ ആനുകൂല്യത്തിന് അർഹതയുണ്ട്. കൂടാതെ സൗദി അറേബ്യയിലെ നിതാഖത്ത് നിയമം, മറ്റ് |

ഗൾഫ് രാജ്യങ്ങളിൽ നടപ്പിലാക്കി വരുന്ന സ്വദേശിവത്കരണ നിയമം എന്നിവ മൂലം തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തുന്ന പ്രവാസികളുടെ പുനരധിവാസം മുൻനിർത്തി സമഗ്രമായ ഒരു പുനരധിവാസ പാക്കേജിന് രൂപം നൽകി അത് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

പ്രസ്തുത പുനരധിവാസ പാക്കേജിന്റെ പ്രധാന ഘടകങ്ങൾ താഴെപ്പറയും പ്രകാരമാണ്.

- തിരികെയെത്തിയ പ്രവാസികളെ വിദേശരാജ്യങ്ങളിലേക്ക് തന്നെ തൊഴിലിനായി മടക്കി അയക്കുക.
- ആഭ്യന്തര തൊഴിൽ മേഖലയിലേക്ക് പ്രവാസികളുടെ പുനരേകീകരണം
- സ്വയം സംരംഭക സഹായ പദ്ധതി
- സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുക
- സ്വയം തൊഴിൽ/നിക്ഷേപ സംരംഭങ്ങൾ ;

ടി പാക്കേജിന്റെ നടത്തിപ്പിനായി 50 കോടി രൂപ 2014 – 15 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രവാസികളുടെ പുനരധിവാസത്തിനായി 2013 – 14 സാമ്പത്തിക വർഷത്തിൽ 2.97 കോടി രൂപ വകയിരുത്തുകയും 125 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ഡി) ' നിതാഖത് ' നിയമനടപടികൾക്കു വിധേയമായി തിരിച്ചെത്തിയവർക്ക് വീണ്ടും ഗൾഫ് രാജ്യങ്ങളിൽ പോകുന്നതിന് എന്തെങ്കിലും നിയന്ത്രണം നിലവിലുണ്ടോ ; വ്യക്തമാക്കുമോ; | (ഡി) നിതാഖത്ത് നിയമം കർശനമാക്കിയ സാഹചര്യത്തിൽ സൌദി സർക്കാർ അനുവദിച്ച ഇളവ് കാലയളവിൽ(01/04/2013 മുതൽ 03/11/2013 വരെ) നാട്ടിലേക്ക് മടങ്ങേണ്ടിവന്നവർക്ക് വീണ്ടും ശരിയായ രേഖകളോടെ ഗൾഫ് രാജ്യങ്ങളിൽ പോകുന്നതിന് തടസ്സമുണ്ടാകില്ല എന്ന് വ്യക്തമാക്കിയിരുന്നു. |
| (ഇ) 'നിതാഖത്' നിയമങ്ങൾക്ക് വിധേയമായി തിരിച്ചെത്തിയവരിൽ എത്ര കുറ്റവാളികൾ/തീവ്രവാദികൾ ഉണ്ട് ; അവർ ആരെല്ലാം; ഇവരിൽ എത്രപേർ നിരീക്ഷണത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ ? | (ഇ) 'നിതാഖത്' നിയമങ്ങൾക്ക് വിധേയമായി തിരിച്ചെത്തിയവരിൽ കുറ്റവാളികൾ/തീവ്രവാദികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ